# കേരളസർവകലാശാല

നം.പി.ആർ.80/2023

## പത്രക്കുറിപ്പ്

### പ്രാക്ടിക്കൽ

കേരളസർവകലാശാല ആറാം സെമസ്റ്റർ സി.ബി.സി.എസ് ബി.എസ്‌സി ഏപ്രിൽ 2023 (റെഗുലർ 2020 അഡ്മിഷൻ, സപ്ലിമെന്ററി 2018 & 2019 അഡ്മിഷൻ, മേഴ്സി ചാൻസ് 2013 മുതൽ 2017 അഡ്മിഷൻ) പരീക്ഷയുടെ ഹോം സയൻസ്, മൈക്രോബയോളജി, സൈക്കോളജി, ജിയോളജി എന്നിവയുടെ പ്രാക്ടിക്കൽ പരീക്ഷകൾ മെയ് 15 മുതൽ വിവിധ കോളേജിൽ ആരംഭിക്കുന്നതാണ്. വിശദവിവരം വെബ്സൈറ്റിൽ.

കേരള സർവകലാശാല നടത്തിയ ആറാം സെമസ്റ്റർ സി.അർ.സി.ബി .സി.എസ്.എസ് 2 (b) ബി.എസ്‌സി കമ്പ്യൂട്ടർ സയൻസ് (320) ഏപ്രിൽ 2023 (റഗുലർ 2020 അഡ്മിഷൻ, സപ്ലിമെന്ററി – 2018 2019 അഡ്മിഷൻ, മേഴ്സി ചാൻസ് 2013 മുതൽ 2017 അഡ്മിഷൻ) പരീക്ഷയുടെ മേജർ പ്രോജെക്റ്റ് പ്രാക്ടിക്കൽ 2023 മേയ് 18 മുതൽ ആരംഭിക്കുന്നതാണ്. വിശദവിവരങ്ങൾ വെബ്സൈറ്റിൽ ലഭ്യമാണ്.

### സ്പെഷ്യൽ പരീക്ഷ ടൈംടേബിൾ

കേരളസർവകലാശാല 2023 ജനുവരിയിൽ നടത്തിയ ഒന്നാം എം.പി.ഇ.എസ് (2020 സ്കീം – 2022 അഡ്മിഷൻ) ഒന്നാം സെമസ്റ്റർ ബി. പി.എഡ് (2022 സ്കീം – നാലുവർഷ കോഴ്സ്) മൂന്നാം സെമസ്റ്റർ ബി.പി.എഡ് (2020 സ്കീം – ദ്വിവത്സര കോഴ്സ്) എന്നീ പരീക്ഷകളുടെ സ്പെഷ്യൽ പരീക്ഷകളുടെ ടൈംടേബിൾ സർവകലാശാല വെബ്സൈറ്റിൽ

### പരീക്ഷ ഫലം

കേരളസർവകലാശാല അഞ്ചാം സെമസ്റ്റർ ബി.ടെക് സപ്ലിമെന്ററി 2013 സെഷണൽ ഇംപ്രൂവ്മെന്റ് വിദ്യാർഥികൾ (2008 സ്കീം & 2013 സ്കീം) ജൂലൈ 2022 പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഓൺലൈനായി മാത്രം അപേക്ഷിക്കുക. അപേക്ഷിക്കേണ്ട അവസാന തീയതി മെയ് 6. വിശദവിവരം വെബ്സൈറ്റിൽ.

### കോളേജ് മാറ്റം

കേരളസർവകലാശാലയുടെ കീഴിലുള്ള കോളേജുകളിൽ ഒന്നാം സെമസ്റ്റർ ബി.എഡ് വിദ്യാർഥികൾക്ക് 2022–23 അധ്യയന വർഷത്തിൽ രണ്ടാം സെമെസ്റ്ററിലേക്ക് കോളേജ് മാറ്റത്തിനായി അപേക്ഷിക്കാവുന്നതാണ്. അപേക്ഷകർ ഒന്നാം സെമസ്റ്ററിൽ പരീക്ഷക്ക് രജിസ്റ്റർ ചെയ്തവരാകണം. കോളേജ് മാറ്റം ഗവൺമെന്റ് / എയ്ഡഡ് കോളേജുകൾ തമ്മിലും സ്വാശ്രയ കോളേജുകൾ തമ്മിലും, കെ.യു.സി.റ്റികൾ തമ്മിലും അനുവദിക്കുന്നതാണ്.

പൂരിപ്പിച്ച അപേക്ഷയോടൊപ്പം ബിരുദ/ ബിരുദാനന്തര പരീക്ഷകളുടെ മാർക്ക് ലിസ്റ്റുകൾ സഹിതം പഠിക്കുന്ന കോളേജിലെയും ചേരാൻ ഉദ്ദേശിക്കുന്ന കോളേജിലെയും പ്രിൻസിപ്പാൾമാരുടെ ശുപാർശയോടൊപ്പം 1050/- രൂപ അടച്ച് സർവകലാശാലയിൽ 2023 മെയ് 17 ന് മുൻപ് സമർപ്പിക്കേണ്ടതാണ്. തിരഞ്ഞെടുക്കപ്പെടുകയാണെങ്കിൽ 1575/- രൂപ കൂടി അടക്കേണ്ടതാണ്.

അപേക്ഷ സർവകലാശാല രജിസ്ട്രാർ തപാലിൽ ലഭിക്കേണ്ട അവസാന തീയതി 2023 മെയ് 17. വിശദവിവരങ്ങൾ വെബ്സൈറ്റിൽ ലഭ്യമാണ്. അവസാന തീയതിക്ക് ശേഷം ലഭിക്കുന്ന അപേക്ഷകൾ നിരസിക്കുന്നതാണ്.

# പിഎച്ച്.ഡി നൽകി

രമ്യ ആർ, ആതിര റാണി. എസ്, റഷീദ് ഇ. കെ., റസിയ ബീഗം. എം., സതീഷ് കുമാർ. എസ് (പൊളിറ്റിക്കൽ സയൻസ്), ജുബേറിയ എം. അസീസ് (ബയോടെക്നോളജി), പ്രിയങ്ക വി. കുമാർ (ബോട്ടണി), ജയപ്രഭ. കെ (മലയാളം), ഷിനു ആർ. എസ് (തമിഴ്), ടോണി ഫിലിപ്പ്, സിബി സി. ബാബു (മാത്തമാറ്റിക്സ്), സുധ എസ്. കെ (കമ്പ്യൂട്ടർ സയൻസ്), ശ്രീഹരി വി. ആർ, ബിനോ. എൻ (ഇലക്ട്രോണിക്സ് ആൻഡ് കമ്മ്യൂണിക്കേഷൻ എൻജിനീയറിംഗ്), നിഖിൽ ജി (ലോ) എന്നിവർക്ക് പിഎച്ച്ഡി നൽകാൻ ഇന്ന് ചേർന്ന സിൻഡിക്കേറ്റ് യോഗം തീരുമാനിച്ചു.

തിരുവനന്തപുരം,
26.04.2023

പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ–ചാർജ്)

**E-mail:** For queries **helpdesk@keralauniversity.ac.in**
**website: www.keralauniversity.ac.in**

**University information is available on 9188526670, 9188526671, 9188526674, 9188526675**
**Whats App No.8547330240**